# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 208     23.03.2012ന് മറുപടിയ്ക്ക്

## പാട്ടഭൂമി ഏറ്റെടുക്കുന്നതിലെ വീഴ്ചകൾ പരിഹരിക്കുവാൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ സി. മമ്മൂട്ടി<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. കെ.എം. ഷാജി | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ പാട്ടഭൂമി ഏറ്റെടുക്കുന്നത് കോടതി നടപടികൾക്ക് അവസരമൊരുക്കുകയും സർക്കാർ നടപടികൾ റദ്ദാക്കപ്പെടുകയും ചെയ്യുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) പാട്ടക്കാരെ സഹായിക്കുന്നതിനു വേണ്ടി നടപടിക്രമങ്ങൾ പാലിക്കാതെ ഇത്തരം സ്ഥിതിവിശേഷം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) വിവിധ കോടതി ഉത്തരവുകളിൽ നിയമം വിവിധതരത്തിൽ വ്യാഖ്യാനിക്കപ്പെട്ടതുമൂലം ഉദ്യോഗസ്ഥർ നിയമം വ്യത്യസ്ഥ രീതിയിൽ നടപ്പാക്കുകയും ആയതുമൂലം പ്രതികൂല വിധികൾ വരാൻ ഇടയാകുകയും ചെയ്ത സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെ എസ്റ്റേറ്റുകൾ ഏറ്റെടുത്ത സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാട്ടക്കാരെ സഹായിക്കുന്നതിനുവേണ്ടി നടപടിക്രമങ്ങൾ പാലിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഗൗരവമായി കണക്കാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഏറ്റെടുക്കൽ നടപടികൾ തുടരുന്നതുമാണ്. |
| (സി) മനഃപൂർവ്വമല്ലാതുള്ള വീഴ്ചകൾ സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് ഉണ്ടാകുന്നത് ഒഴിവാക്കാൻ എന്തെങ്കിലും നടപടികൾ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) ഉണ്ട്. |

(ഡി) ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നിയമനടപടികളിൽ വീഴ്ച വരാതിരിക്കാനും നിയമാവബോധം സൃഷ്ടിക്കാനും ഉതകും വിധമുള്ള പരിശീലന പരിപാടികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ?

(ഡി) ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും നിയമാവബോധം സൃഷ്ടിക്കാനും ഉതകും വിധമുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ